# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 04.03.2015-ലെ യോഗ നടപടിക്കുറിപ്പ്

യോഗം രാവിലെ 8 മണിക്ക് ബഹു. മുഖ്യമന്ത്രിയുടെ കോൺഫറൻസ് ഹാളിൽ ബഹു.ഗ്രാമവികസന വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ചു.

1. സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 25.02.2015-ലെ യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2. **പൊതുവിഷയങ്ങൾ**

2.1 **പദ്ധതി നിർവഹണ പുരോഗതി അവലോകനം**

സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കൂടി 2014-15 സാമ്പത്തിക വർഷം വികസനഫണ്ടിനത്തിൽ ആകെ 2478.23കോടി രൂപ (46.33 ശതമാനം)യും ഗ്രാമപഞ്ചായത്തുകൾ 1356.69 കോടിരൂപ (49.63ശതമാനം)യും ബ്ലോക്ക് പഞ്ചായത്തുകൾ 380.11കോടി രൂപ (56.09 ശതമാനം) യും ജില്ലാ പഞ്ചായത്തുകൾ 360.17കോടി രൂപയും,(42.06 ശതമാനം) മുനിസിപ്പാലിറ്റി 226.82കോടി രൂപ (46.03ശതമാനം) കോർപ്പറേഷനുകൾ 154.71 കോടി രൂപ (32.06 ശതമാനം) യും ചെലവഴിച്ചതായും കാണപ്പെട്ടു.

2.2 പതിമൂന്നാം ധനകാര്യ കമ്മീഷൻ (8448-00-109-92(03) ലോക ബാങ്ക് ധനസഹായം 8448-00-109-91(03) എന്നീ ഹെഡുകളുടെ ഡ്രായിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർമാരായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറിമാരെ നിയോഗിച്ച് ഉത്തരവ് നൽകാൻ ഭരണ വകുപ്പ് ധനകാര്യ വകുപ്പിന് നിർദ്ദേശം നൽകാൻ ആവശ്യപ്പെട്ടു.

2.3 ഭവന നിർമ്മാണ ധനസഹായത്തിന് ഗ്രാമസഭ തെരഞ്ഞെടുത്തിട്ടുള്ള വ്യക്തികൾക്ക് അവർക്ക് ഭൂമിയുടെ കൈവശാവകാശ രേഖയുള്ള പക്ഷം ആനുകൂല്യങ്ങൾ നൽകാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

2.4 സ്പിൽഓവർ പ്രോജക്ടുകളുടെ പൂർത്തീകരണത്തിന് 2015 ഫെബ്രുവരി 28 വരെ അനുവദിച്ചു നൽകിയ കാലാവധി ഇനി ദീർഘിപ്പിക്കേണ്ടതില്ലെന്ന് യോഗം തീരുമാനിച്ചു.

2.5 അംഗനവാടികളിലെ കെട്ടിടം, കുടിവെള്ളം, പാചകപ്പുര, ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ്, വൈദ്യുതി എന്നീ ആവശ്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പഞ്ചായത്തിന്റെ നോൺ റോഡ് മെയിന്റനൻസ് ഫണ്ട്, എം.എൽ.എ മാരുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ട് എന്നിവ കൂട്ടിച്ചേർത്ത് 10.15 അംഗൻവാടികൾ ഉൾക്കൊള്ളുന്ന ഓരോ ക്ലസ്റ്ററാക്കി കെട്ടിട നിർമ്മാണം അടക്കമുള്ള സൗകര്യങ്ങൾക്കായി പദ്ധതികൾ വിഭാവനം ചെയ്ത് ഫണ്ട് ഫലപ്രദമായി വിനിയോഗിക്കുന്നതിന് കേരള നിയമസഭ സബ്ജക്ട് കമ്മിറ്റി 2014-15ന്റെ 4-ാമത് റിപ്പോർട്ടിൽ 53-ാം ഖണ്ഡിക പ്രകാരം ശുപാർശ ചെയ്തത് യോഗം പരിഗണിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് യഥേഷ്ടാനുമതി നൽകാൻ യോഗം തീരുമാനിച്ചു.

3 പ്രത്യേക വിഷയങ്ങൾ

**3.1 കുമാരമംഗലം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 122678/ഡി.എ2/തസ്വഭവ)**

2014-15 വർഷം പഞ്ചായത്ത് തല സാമൂഹ്യ- സാമ്പത്തിക അടിസ്ഥാന വിവരശേഖരണം എന്ന പദ്ധതിക്ക് സൂക്ഷ്മ മേഖലാ കോഡുകൾ അനുവദിക്കണമെന്ന ആവശ്യത്തിന് 'സാമൂഹ്യാ സോഫ്ട് വെയർ' ഉപയോഗിക്കാമോ എന്നുള്ള സാധ്യതാ റിപ്പോർട്ട് നൽകാൻ ഐ.കെ.എം.നെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.2 ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം 98192/ഡി.എ2/15/തസ്വഭവ)**

പെയിൻ ആന്റ് പാലിയേറ്റീവ് കെയർ പദ്ധതിയിൽ ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നത് പി.എച്ച്.സി.യുമായി ബന്ധപ്പെട്ട് നടപ്പിലാക്കേണ്ടതാണെന്നും മാർഗരേഖയിലെ നിർദ്ദേശം പാലിക്കാനും നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.3 ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം 98192/ഡി.എ2/15/തസ്വഭവ)**

ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ഹരിത പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിലെ പട്ടികജാതി വനിതകൾക്ക് തനത് ഫണ്ടിൽ നിന്ന് സർക്കാർ നിരക്കിൽ വേതനം നൽകുന്നതിന് അനുവാദം ആവശ്യപ്പെട്ടത് അംഗീകരിച്ചു തീരുമാനിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 98192/ഡി.എ2/14)**

2013-14 വർഷത്തെ ഹരിതഗ്രാമം അടുക്കളത്തോട്ടം പ്രോജക്ടിന് മാർഗരേഖയ്ക്ക് വിരുദ്ധമായി ചെലവഴിച്ച 22400 രൂപ അംഗീകരിക്കണമെന്ന ആവശ്യം തത്സംബന്ധമായി ഓഡിറ്റ് തടസ്സം ഉന്നയിക്കുമ്പോൾ സാധൂകരണത്തിന് സമർപ്പിക്കാൻ നിർദ്ദേശിച്ചു. 2014-15 വർഷത്തെ ആധുനിക ജൈവ പച്ചക്കറിത്തോട്ടം പ്രോജക്ടിലെ ഗ്രോബാഗ്, ഡ്രിപ് ഇറിഗേഷൻ തുടങ്ങിയവയ്ക്ക് നിലവിലുള്ള സബ്സിഡി നിരക്ക് പാലിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 പാവറട്ടി ഗ്രാമപഞ്ചായത്ത് (ഫയൽ നം.12729/ ഡി.എ2/15/തസ്വഭവ)**

ഗ്രാമപഞ്ചായത്തിലെ 6 പട്ടികജാതിക്കാർക്ക് സ്ഥലം വാങ്ങൽ പ്രോജക്ട് പ്രകാരം 9 ലക്ഷം രൂപ ചെലവിൽ അടുത്ത പഞ്ചായത്തുകളിൽ സ്ഥലം വാങ്ങി നൽകാൻ അനുവദിക്കണമെന്ന ആവശ്യം പ്രത്യേക കേസായി അംഗീകരിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 പാവറട്ടി ഗ്രാമപഞ്ചായത്ത് (ഫയൽ നം.121729/ഡി.എ2/15/തസ്വഭവ)**

കിഡ്നി-ഹൃദ്രോഗ-ക്യാൻസർ രോഗികളായ പട്ടികജാതിക്കാർക്ക് ചികിത്സാ സഹായം നൽകാനുള്ള പദ്ധതിക്ക് പ്രത്യേകമായി ഫണ്ട് ഉപയോഗിക്കുന്നത് ഉചിതമല്ലെന്ന് വിലയിരുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 പാവറട്ടി ഗ്രാമപഞ്ചായത്ത് (ഫയൽ നം.121729/ഡി.എ2/15/തസ്വഭവ)**

2014-15-ൽ പട്ടികജാതി യുവതീ യുവാക്കൾക്ക് പി.എസ്.സി. പരീക്ഷാ പരിശീലനം നടത്തുന്നതിനുള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 118982/ഡി.എ2/15/തസ്വഭവ)**

2014-15 വാർഷിക പദ്ധതിയിൽ ബാല സൗഹൃദ ഗ്രാമം - നീന്തൽ പരിശീലന പരിപാടി നീന്തലിൽ അംഗീകൃത യോഗ്യതയുള്ളവരെ ഉപയോഗിച്ച് പരിശീലനം നൽകണമെന്നും, പരിശീലനത്തിന് ആവശ്യമായ നീന്തൽ കുളം/പുഴ തുടങ്ങിയവ ലഭ്യമാണെങ്കിൽ അംഗീകരിക്കാവുന്നതാണെന്നും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 ചെറുപുഴ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 64187/ഡി.ബി.3/13/തസ്വഭവ)**

ഗ്രാമപഞ്ചായത്തിന് പുതിയ വാഹനം വാങ്ങുന്നത് വകുപ്പുതലത്തിൽ തീരുമാനിക്കാൻ നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 മലപ്പുറം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 3424/ഡി.ബി3/15/തസ്വഭവ)**

മണ്ണു പരിശോധനാ ലാബറട്ടറിക്ക് വാഹനം വാങ്ങാൻ അനുവദിക്കണ മെന്നയാവശ്യം ജില്ലയിലെ മണ്ണു പരിശോധനാ വിഭാഗവുമായി ആലോചിച്ച് ആവശ്യമെങ്കിൽ ജില്ലാ പഞ്ചായത്തിന് വാങ്ങാവുന്നതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 കാരോട് ഗ്രാമപഞ്ചായത്ത് ( ഫയൽ നം. 5158/ഡി.ബി.3/15/തസ്വഭവ)**

പെയിൻ ആന്റ് പാലിയേറ്റീവ് കെയർ ആവശ്യങ്ങൾക്ക് പുതുതായി വാഹനങ്ങൾ വാങ്ങേണ്ടതില്ലെന്നും വാടകയ്ക്ക് എടുത്താൽ മതിയാകുമെന്നും യോഗം നിർദ്ദേശിച്ചു.

.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 തിരുപുറം ഗ്രാമപഞ്ചായത്ത്( ഫയൽ നം. ഇ-119861/ഡി.എ2/15/തസ്വഭവ)**

ഗ്രാമപഞ്ചായത്തിലെ 6 പ്രത്യേക പ്രോജക്ടുകളുടെ നിർവഹണോദ്യോഗസ്ഥനായി വി.ഇ.ഒ തുടരുന്നതിന് അനുവദിക്കണമെന്ന ആവശ്യത്തിൽ പഞ്ചായത്ത് തലത്തിൽ തീരുമാനിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13. വെമ്പായം ഗ്രാമപഞ്ചായത്ത്( ഫയൽ നം.40057/ഇ.പി.എ33/14/തസ്വഭവ)**

ഗ്രാമപഞ്ചായത്തിലെ ഓട്ടിസം ബാധിച്ച കുട്ടിക്ക് CPMR വൈകല്യമുള്ളവർക്ക് നൽകുന്ന നിരക്കിൽ സാമ്പത്തിക സഹായവും സ്കോളർഷിപ്പും പാലിയേറ്റീവ് പരിചരണവും നൽകണമെന്ന ആവശ്യം പ്രത്യേക കേസായി അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14. കണ്ണൂർ ജില്ലാ പഞ്ചായത്ത് ( ഫയൽ നം. 74816/ഡി.ബി.2/14/തസ്വഭവ)**

പൂമംഗലം യു.പി. സ്ക്കൂൾ വിദ്യാർത്ഥികൾക്ക് തേനീച്ച വളർത്തൽ പരിശീലനം നൽകുന്ന പദ്ധതിക്ക് അംഗീകാരം നൽകണമെന്ന ആവശ്യം അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15. ചേർപ്പ് ഗ്രാമപഞ്ചായത്ത്**

എസ്.സി. വിഭാഗത്തിനായി നിർമ്മിക്കുന്ന മൂന്നാം ഘട്ടം ഫ്ളാറ്റിന് എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16. മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് (ബഹു.യുവജന പട്ടികവർഗക്ഷേമ വകുപ്പ്മന്ത്രി കുമാരി പി.കെ. ജയലക്ഷ്മി മുഖാന്തിരം)**

2014–15 വാർഷിക പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ സ്ക്കൂളുകളിലെയും +2 വിഭാഗത്തിൽപ്പെട്ട പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾക്ക് എൻട്രൻസ് കോച്ചിംഗ് നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു. 9–ാം ക്ലാസ്സ് എസ്.റ്റി വിദ്യാർത്ഥികൾക്ക് സൈക്കിൾ നൽകാൻ നിലവിൽ വ്യവസ്ഥയുള്ളതാണെന്ന് നിരീക്ഷിച്ചു. 2015–16 വാർഷിക പദ്ധതി രൂപീകരിക്കാൻ ഇതിനോടകം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്തിന് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെട്ട പ്രോജക്ടുകൾ രൂപീകരിക്കാൻ തടസ്സമില്ലെന്ന് യോഗം നിരീക്ഷിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17. കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തുകളും സംയുക്ത പദ്ധതിയായി 65.15 ലക്ഷം രൂപ അടങ്കലിൽ നടപ്പാക്കാനുദ്ദേശിക്കുന്ന വൈദ്യുത ശ്മശാനത്തിന്റെ നിർമ്മാണത്തിന്റെ നോഡൽ ഏജൻസിയായി ബ്ലോക്ക് പഞ്ചായത്തിനെ നിശ്ചയിക്കണമെന്ന ആവശ്യം അംഗീകരിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 കുന്ദമംഗലം ഗ്രാമപഞ്ചായത്ത്**

സി.സി. ടി.വി. ക്യാമറ സ്ഥാപിക്കുന്നതിന് അനുവാദം നൽകണമെന്ന ആവശ്യം ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്തതിനാൽ നിരസിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത്**

ടി.എസ്.പി. വിഭാഗത്തിൽ2015–16 സാമ്പത്തിക വർഷത്തെ ബജറ്റിൽ 77 ലക്ഷം അനുവദിക്കണം എന്ന ആവശ്യം യോഗം ചർച്ച ചെയ്യുകയും ടി.എസ്.പി. ഫണ്ട് ആവശ്യമില്ലാത്ത അനേകം തദ്ദേശഭരണ സ്ഥാപനങ്ങൾ ഉള്ളതു കൂടി പരിഗണിച്ച് പൂൾ ചെയ്യാൻ സാധിക്കുമോ എന്നു പരിശോധിക്കാൻ ധനകാര്യ വകുപ്പിനോട് നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 പരപ്പനങ്ങാടി ഗ്രാമപഞ്ചായത്ത്**

**(ബഹു വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ.അബ്ദുറബ്ബ് മുഖേന)**

പൊതു വിഷയം 2.3 ബാധകം.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 താനാളൂർ ഗ്രാമപഞ്ചായത്ത്**

ജലനിധി ഫണ്ടിനത്തിൽ ചെലവാകാതെ കിടക്കുന്ന 456854 രൂപ ഉപയോഗിച്ച് ജല ദൗർലഭ്യമുള്ള പ്രദേശങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ, പുതിയ മോട്ടോർ സ്ഥാപിക്കൽ, കിണർ പുനരുദ്ധാരണം എന്നീ പ്രവൃത്തികൾ നടത്തുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 സാമൂഹ്യനീതി വകുപ്പുഡയറക്ടറുടെ കത്ത്**

പൊതു തീരുമാനം 2.5 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത്**

ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയിൽ 50 ലക്ഷം രൂപ ഐ.എ.വൈ. ഗുണഭോക്താക്കളുടെ കുടിശ്ശിക കൊടുത്തു തീർക്കുന്നിന് അനുവദിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 എഴുപുന്ന ഗ്രാമപഞ്ചായത്ത്**

നാഷണൽ ഹൈവേ മീഡിയൻ ഗ്യാപുകളിലും തുറവൂർ- കുമ്പളങ്ങി റോഡിലെ വിവിധ സ്ഥലങ്ങളിലും തെരുവുവിളക്കുകൾ സ്ഥാപിക്കാൻ അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത്**

റോഡ് വികസനവുമായി ബന്ധപ്പെട്ട് കുടിയൊഴിപ്പിക്കപ്പെട്ട മൂന്ന് കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 150000 രൂപ ക്രമത്തിൽ സ്ഥലം വാങ്ങുന്നതിന് പ്രത്യേക കേസായി അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 ചങ്ങനാശ്ശേരി നഗരസഭ**

പൊതു വിഷയം 2.4 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 മേലുകാവ് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 6044/ഡി.എ2/15/തസ്വഭവ)**

പട്ടികജാതി ഗുണഭോക്താക്കൾക്ക് കുടിവെള്ളം ശേഖരിച്ചു വയ്ക്കുന്നതിന് ടാങ്കിന്റെ സംഭരണശേഷി പരമാവധി 500 ലിറ്റർ കവിയരുതെന്നും സബ്സിഡി അതിന്റെ യഥാർത്ഥ വിലയോ 2500 രൂപയോ ഇവയിൽ ഏതാണോ കുറവ് അതു മാത്രമേ നൽകാവൂ എന്നതിനും വിധേയമായി പ്ലാസ്റ്റിക് ടാങ്കുകൾ വാങ്ങി നൽകുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 കേരള മുനിപ്പൽ ചെയർമാൻ ചേംബർ സെക്രട്ടറിയുടെ കത്ത്**
**കേരള വനിത വികസന കോർപ്പറേഷൻ എം.ഡി.യുടെ കത്ത്**

ക്യാനുകളിൽ ശുദ്ധജല വിതരണം നടത്തുന്ന പദ്ധതിക്ക് അഡ്വാൻസ് നൽകേണ്ടതില്ലെന്നു തീരുമാനിച്ചു. പദ്ധതിയെ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് വനിത വികസന കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 തിരുവനന്തപുരം കോർപ്പറേഷൻ മേയറുടെ കത്ത്**

പൊതു വിഷയങ്ങൾ 2.4 ബാധകം

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 കാവാലം ഗ്രാമപഞ്ചായത്ത്**

2014-15 വാർഷിക പദ്ധതിയിൽ 215000 രൂപ അടങ്കലിൽ സ്ത്രീ സുരക്ഷാ പ്രോജക്ട് നടപ്പാക്കുന്നതിന് അനുമതി നൽകി തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 ചെറുതാഴം ഗ്രാമപഞ്ചായത്ത്**

2011 ഏപ്രിൽ 1-നു മുമ്പ് എഗ്രിമെന്റ് വച്ച ഇ.എം.എസ് ഭവന പദ്ധതിയിലെ 9 ഗുണഭോക്താക്കൾക്ക് 2 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകണം എന്ന ആവശ്യത്തിന്മേൽ നിലവിലെ ഉത്തരവുകൾ പരിശോധിച്ച് വകുപ്പുതല നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചു തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 എറണാകുളം ജില്ലാ പഞ്ചായത്ത്**

പട്ടികജാതി യുവതീ യുവാക്കൾക്ക് ഓട്ടോ കാനോപ്പിയൽ ഐസ്ക്രീം വിപണന പദ്ധതി നടപ്പിലാക്കുന്നതിന് SCA to SCP പ്രകാരം കൂടിക്കാഴ്ച നടത്തി തയ്യാറാക്കിയ റാങ്ക് ലിസ്റ്റിൽപ്പെട്ടവരിൽ SCA to SCP പദ്ധതിയിൽ ആനുകൂല്യം ലഭിക്കുന്നവരെ കൂടാതെയുള്ളവർക്ക് അതേ മാതൃകയിൽ സ്വയം തൊഴിൽ സംരംഭം നടപ്പാക്കാൻ അനുമതി നൽകി തീരുമാനിച്ചു. എന്നാൽ ഇതിനായി വകയിരുത്തുന്ന തുക മിൽമയിൽ മുൻകൂർ ഡിപ്പോസിറ്റ് ചെയ്യാൻ പാടില്ലെന്നും യോഗം നിർദ്ദേശിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

(യോഗം രാവിലെ 9.15ന് അവസാനിച്ചു)

***അടുത്ത കോഓർഡിനേഷൻ കമ്മിറ്റി യോഗം 2015 മാർച്ച് 11ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് അസംബ്ലി മന്ദിരത്തിലെ ബഹു. പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പുമന്ത്രിയുടെ ചേംബറിൽ കൂടുന്നതാണ്.***